ദുരന്തങ്ങളിൽപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നൽകിയ ധനസഹായം

148. [148] ശ്രീ. പി. എസ്. സുപാൽ :

,, മാങ്കോട് രാധാകൃഷ്ണൻ :

,, പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ പ്രകൃതി ക്ഷോഭത്തിലും, ജോലിക്കിടയിലും സുനാമി ദുരന്തത്തിലുമായി എത്ര മത്സ്യത്തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും മരണമടഞ്ഞിട്ടുണ്ട്; അതിൽ കുട്ടികൾ എത്ര;

(ബി) മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്കും കുടുംബാംഗങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്കും എന്തെല്ലാം സഹായങ്ങൾ എത്തിച്ചു കൊടുത്തിട്ടുണ്ട്;

(സി) അതിൽ അംഗവൈകല്യം സംഭവിച്ചവർക്കും, പരിക്കേറ്റവർക്കും എത്തിച്ചു കൊടുത്ത സഹായങ്ങൾ എന്തെല്ലാം;

(ഡി) വീടുകൾ നഷ്ടപ്പെട്ട എത്ര കുടുംബാംഗങ്ങൾക്ക് വീടുകൾ നിർമ്മിച്ചു നൽകി; എത്ര പേരെ പുനരധിവസിപ്പിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ പ്രകൃതിക്ഷോഭത്തിലും ജോലിക്കിടയിലും സുനാമി ദുരന്തത്തിലുമായി 594 മത്സ്യത്തൊഴിലാളികളും 4286 കുടുംബാംഗങ്ങളും മരണമടഞ്ഞിട്ടുണ്ട്. ഇതിൽ 30 കുട്ടികൾ ഉൾപ്പെടുന്നു.

(ബി) പ്രകൃതിക്ഷോഭത്തിലും ജോലിക്കിടയിലും മരണമടയപ്പെട്ട മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങളായിട്ടുള്ളവരുടെ ആശ്രിതർക്ക് 3,66,20,701 രൂപയും മത്സ്യബന്ധനത്തിനിടയിലോ തൊട്ടു പിന്നാലെയോ അപകടം കൊണ്ടല്ലാതെ മരണപ്പെട്ടിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് 29,18,333 രൂപയും മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണത്തിന് 25,32,900 രൂപയും കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി [illegible]ർഡ് മുഖാന്തിരം നൽകിയിട്ടുണ്ട്. കൂടാതെ മത്സ്യഫെഡ് നടപ്പിലാക്കുന്ന ഇൻഷ്വറൻസ് പ[illegible]തിയിൽ അംഗങ്ങളായി മരണപ്പെട്ട 114 മത്സ്യത്തൊഴിലാളി കുടുംബാംഗങ്ങൾക്ക് 153 ലക്ഷം രൂപ [illegible] 5 വർഷത്തിനിടയിൽ ധനസഹായമായി മത്സ്യഫെഡ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങളായിട്ടുള്ളവർക്ക് ഇൻഷ്വറൻസ് സഹായ പദ്ധതി പ്രകാരം അപകടം മൂലം സ്ഥിരവും പൂർണ്ണവുമായ അവശത സംഭവിച്ചവർക്ക് ഒരു ലക്ഷം രൂപ വീതവും അപകടംമൂലം സ്ഥിരവും ഭാഗികവുമായ അവശത അനുഭവിക്കുന്നവർക്ക് 50,000 രൂപയും ധനസഹായം നൽകി. അപകടം മൂലം പരിക്കേറ്റ 24 മണിക്കൂറിലധികം ആശുപത്രികളിൽ ചികിത്സ വേണ്ടി വരുന്നവർക്ക് ഒടുക്കപ്പെട്ട ബില്ല് പ്രകാരം പരമാവധി 2000 രൂപ ആരോഗ്യ ഇൻഷ്വറൻസ് ധനസഹായം നൽകി വരുന്നു. അപകടംമൂലം താൽക്കാലിക അവശത അനുഭവിക്കുന്നവർക്ക് ആളൊന്നിന് പരമാവധി 500 രൂപ ധനസഹായം നൽകി വരുന്നു. അപ്രതീക്ഷിതമായ അപകടംമൂലവും പ്രകൃതിക്ഷോഭംമൂലവും ദുരിതമനുഭവിക്കുന്നവർക്ക് ചെയർമാൻ റിലീഫ് ഫണ്ട് മുഖാന്തിരം അടിയന്തിര ധനസഹായമായി 500 രൂപ മുതൽ പരമാവധി 2500 രൂപ വരെ നൽകി വരുന്നു.

തിരുവനന്തപുരം ജില്ലയിൽ പ്രകൃതി ക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ട് വലിയതുറ യു. പി. സ്കൂളിൽ താമസിച്ചിരുന്ന 11 കുടുംബങ്ങൾക്കും കൊച്ചു തോപ്പ് ഫിഷർമെൻ കോളനിയിൽ താമസിച്ചിരുന്ന 40 കുടുംബങ്ങൾക്കും ഭവനനിർമ്മാണ പദ്ധതി പ്രകാരം ധനസഹായം നൽകിയിട്ടുണ്ട്.

കൊല്ലം ജില്ലയിൽ ഇരവിപുരം ഗ്രാമത്തിലെ 71 പേർക്കും, കോവിൽതോട്ടം ഗ്രാമത്തിലെ 4 പേർക്കും നീണ്ടകര ഗ്രാമത്തിലെ 2 പേർക്കും വീട് അനുവദിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലയിൽ കാട്ടൂരിൽ 30 പേർക്കും അമ്പലപ്പുഴയിൽ ഒരാൾക്കും, തുമ്പോളിയിൽ 7 പേർക്കും അമ്പലപ്പുഴ മുനിസിപ്പാലിറ്റിയിൽ 35 പേർക്കും വീട് അനുവദിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ ഒരാൾക്ക് വീട് അനുവദിച്ചിട്ടുണ്ട്.

(ഡി) പ്രകൃതിക്ഷോഭത്തിൽ വീടുകൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ ഭവന രഹിതരായ എല്ലാ മത്സ്യത്തൊഴിലാളികൾക്കും ഫിഷറീസ് വകുപ്പ് ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി/സ്പെഷ്യൽ പാക്കേജ് സ്കീം എന്നിവ പ്രകാരം ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കിവരുന്നു. ഇത്തരത്തിൽ 2001 മുതൽ 2005 വരെയുള്ള കാലയളവിൽ 6945 വീടുകൾ ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി മുഖാന്തിരവും 2500 വീടുകൾ സ്പെഷ്യൽ പാക്കേജ് സ്കീം മുഖാന്തിരവും അനുവദിച്ചു നൽകിയിട്ടുണ്ട്. സുനാമി ദുരന്തത്തിൽ വീട് നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് റവന്യൂ വകുപ്പും മറ്റ് സന്നദ്ധ സംഘടനകളും മുഖാന്തിരം വീടുകൾ ലഭ്യമാക്കിവരുന്നു. കൂടാതെ മത്സ്യഫെഡ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 2.25 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്.

കുറ്റാൽഗാഡ് ഫിഷിംഗ് ഹാർബറിന്റെ പ്രൊജക്ട് റിപ്പോർട്ട്

149. [149] ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly